കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## തെങ്കര ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2013-14,2014-15 സാമ്പത്തിക വർഷം

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,**

**പാലക്കാട് ജില്ലാ ഓഡിറ്റ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

**e-mail:auditlfdopkd@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെഡി.പി9- 1227/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
പാലക്കാട് ജില്ല
തീയതി.02.08.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന),
തെങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെങ്കര ഗ്രാമപഞ്ചായത്ത് - 2013-14,2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.പി.കെ.ഡി.പി9-1227/ തിയ്യതി:02.08.2016

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-2-2015 മുതൽ 29-06-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30-06-2016 മുതൽ 08-07-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബിജു ആന്റെണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.വി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.ശിവപ്രസാദ് | സീനി.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പത്മകുമാർസി.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്ത്തെക്കുമ്പാടൻ | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദാലി മാസ്റ്റർ | 01-04-13 മുതൽ 05-12-2013വരെ |
| ടി | ശ്രീ.സി.പി.മുഹമ്മദാലി | 06-12-2013.മുതൽ 31-03-2015 വരെ |
| സെക്രട്ടറി | ശ്രീ.വിജയകുമാരൻ | 01-04-2013.മുതൽ 12-04-2013 വരെ |
| ടി | ശ്രീ.മണി.HC (i/c) | 12-04-2013മുതൽ |

| | | |
|---|---|---|
| | | 28-04-2013 വരെ |
| ടി | ശ്രീ.ഹരിദാസ് AS (i/c) | 29-04-2013.മുതൽ 31-05-2013 വരെ |
| ടി | ശ്രീ.വിജയകുമാരൻ | 01-06-2013.മുതൽ 15-07-2013 വരെ |
| ടി | ശ്രീ.ഹരിദാസ് AS (i/c) | 15-07-2013.മുതൽ 23-10-2013 വരെ |
| ടി | ശ്രീ.സലിംകുമാർ | 23-10-2013.മുതൽ 06-11-2013 വരെ |
| ടി | ശ്രീ.നാരായണൻകുട്ടി | 06-11-2013.മുതൽ 31-12-2013 വരെ |
| ടി | ശ്രീ.വി.മോഹനദാസൻ | 01-01-2014മുതൽ 31-03-2015 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| കൃഷി ഓഫീസർ | പി.ഗിരിജ | 01-04-2013മുതൽ 31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ PHC*<br>ടി | ഡോ.അബ്ദു കല്ലടി<br>ഡോ.അമൃത | 28-02-2014മുതൽ 04-08-2014 വരെ<br>05-08-2014.മുതൽ 31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉഷ കിരൺ<br>ഡോ.ഷിബു | 01-04-2013മുതൽ 03-08-2013വരെ<br>04-08-2013.മുതൽ 03-09-2013 വരെ |
| ടി | ഡോ.രാമദാസ് | 04-09-2013.മുതൽ 21-07-2014 വരെ |
| ടി | ഡോ.ഷിബു | 22-07-2014.മുതൽ 31-03-2015 |
| വെറ്റിനറി സർജൻ | ഡോ.ശാരി പ്രഭ | 01-04-2013മുതൽ 31-03-2015വരെ |
| എച്ച്.എം ജി.യു.പി.എസ് | ശ്രീ.എം.വിജയരാഘവൻ | 01-04-2013മുതൽ 31-03-2015വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.സി.തമ്പി | 01-04-2013മുതൽ 31-03-2015വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.സന്തോഷ് കുമാർ | 01-04-2013മുതൽ 01-10-2013വരെ |
| ടി | ശ്രീ.കാളിദാസൻ | 01-10-2013മുതൽ 05-08-2014 വരെ |
| ടി | ശ്രീ.സന്തോഷ് കുമാർ | 05-08-2014മുതൽ 19-08-2014വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷ്മി<br>ശ്രീമതി.സത്യഭാമ<br>ശ്രീമതി.മേഴ്സി<br>ശ്രീമതി.വിജയലക്ഷ്മി | 01-04-2013മുതൽ 10-04-2013വരെ<br>11-04-2013മുതൽ 31-03-2014വരെ<br>01-04-2014.മുതൽ 22-06-2014 വരെ<br>23-06-2014.മുതൽ 31-03.2015 വരെ |
| *PHC തെങ്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തന മാരംഭിക്കുന്നത് ഫെബ്രുവരി മാസം മുതലാണ് | | |

| | ഉള്ളടക്കം | |
|---|---|---|
| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| | ഭാഗം 2 | |
| 2 | D&O ലൈസൻസ് അപാകതകൾ സംബന്ധിച്ച് | 2-1 |
| 3 | രസീത് ബുക്ക് ഉപയോഗം സംബന്ധിച്ച്. | 2-2 |
| 4 | 2013-14, സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി സംബന്ധിച്ചുള്ള അർദ്ധവാർഷിക വരുമാന പത്രികകൾ ലഭ്യമല്ല | 2-3 |
| | ഭാഗം 3 | |
| 5 | കാറി മക്ക് വിരിച്ച ഭാഗത്തിന്റെ അളവ് സെക്ഷനിങ്ങ് ഏരിയയിൽ കുറവ് ചെയ്തിട്ടില്ല. തുക നിരാകരിക്കുന്നു. | 3-1 |
| 6 | പദ്ധതി മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 7 | തെരുവു വിളക്ക് റിപ്പയർ.- അപാകതകൾ | 3-3 |
| 8 | IAY അധിക വിഹിതം- എസ്.സി - രസീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 |
| 9 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ | 3-5 |

| | | |
|---|---|---|
| | തുടർവിനിയോഗ വിവരം ലഭ്യമല്ല | |
| 10 | തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-6 |
| 11 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 4,73,600 രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 12 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല. | 3-8 |
| 13 | എം.എൻ. ലക്ഷം വീട് നവീകരണത്തിന് തുക ചെലവഴിച്ചത് സംബന്ധിച്ച് | 3-9 |
| 14 | ഭവന റിപ്പയർ - വാല്യൂവേഷൻ ഇല്ലാതെ തുക അനുവദിച്ചു | 3-10 |
| 15 | ഇ.എം.എസ് ക്യാഷ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല. | 3-11 |
| 16 | വൗച്ചറുകളിലെ അപാകതകൾ | 3-12 |
| 17 | വ്യവസ്ഥാപിത രീതിയിലല്ലാത്ത ചെലവുകൾ .സർക്കാർ തലത്തിലുള്ള അന്വേക്ഷണം ശുപാർശ ചെയ്യുന്നു | 3-13 |
| 18 | പൊതു ടാപ്പുകളുടെ എണ്ണം- സംയുക്ത പരിശോധന നടത്തേണ്ടതാണ് | 3-14 |
| 19 | 2013-14 വർഷത്തെ മരാമത്ത് പ്രവൃത്തികൾ- രേഖകളുടെ സൂക്ഷ്മപരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ ചേർക്കുന്നു. | 3-15 |
| 20 | ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ അപൂർണം-മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല | 3-16 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയതി | തീരുമാനം നം. |
|---|---|---|

| | | |
|---|---|---|
| 2013-14 | 27-3-2013 | 1 |
| 2014-15 | 1-3-2014 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**1-2 വാർഷിക ധനകാര്യപത്രിക.**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2013-14 | 31-7-2014 | 2-6-2014 | 7-10-2014 | 13.10.2014 |
| 2014-15 | 31-7-2015 | 29-7-2015 | - | - |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2013-14 | 13-10-2014 | LF P-21/851/14(39) Dt:21-10-14( Qualified Certificate) |
| 2014-15 | 16-10-2015 | KSA-PKD-21/1369/15(39) Dt: 20-2-2016(Qualified Certificate |

**1-4 സാമ്പത്തിക വിശകലനം**

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിൽ കാണുന്ന അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ അതേപടി സ്വീകരിച്ചാണ് ചുവടെയുള്ള ഭാഗത്തിൽ ചേർത്തിട്ടുള്ളത്.

| ഇനം | വർഷം | |
|---|---|---|
| | 2013-14 | 2014-15 |
| മുന്നിരിപ്പ് | 10496699 | 12098874 |
| വരവ് | 68138646 | 67912567 |
| ആകെ | 78635345 | 80011441 |
| ചെലവ് | 66572595 | 61563856 |
| നീക്കിയിരിപ്പ് | 12062750 | 18447585 |

## 2013-14 സാമ്പത്തിക വർഷത്തിൽ കാണുന്ന അപാകതകൾ

LF P -21/851/14(39) Dt:21-10-14പ്രകാരം നൽകിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 2013-14സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നാളിതുവരെ ശരിയാക്കിയിട്ടില്ല.ആയതിനാൽ പ്രാരംഭബാക്കി , അവസാനബാക്കി എന്നിവയിൽ വ്യത്യാസം നിലനിൽക്കുന്നു.കൂടാതെ MGNREGS, B Fund എന്നിവ സംബന്ധിച്ച കണക്കുകളിൽ വ്യത്യാസം കാണുന്നു.

## 2014-15 സാമ്പത്തിക വർഷത്തിൽ കാണുന്ന അപാകതകൾ

2013-14 സാമ്പത്തിക വർഷത്തിലെ കണക്കുകളിൽ ഉള്ള വ്യത്യാസങ്ങൾ നാളിതുവരെ ശരിയാക്കാത്തതിനാൽ ആയതിന്റെ തുടർച്ചയായ 2014-15ലെ വാർഷിക കണക്കുകളിലും വ്യത്യാസങ്ങൾ നിലനിൽക്കുന്നു. കൂടാതെ നം.കെ.എസ്.എ.പി.കെ.ഡി/21/ 1369/15(39) തീയ്യതി. 20-2-2016പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള അപാകതകളും നിലനിൽക്കുന്നു. കണക്കുകളിലെ അപാകതകൾ മൂലം ഗ്രാമപഞ്ചായത്തിന് തൻവർഷത്തെ പെർഫോമൻസ് ഗ്രാന്റ് നഷ്ടപ്പെട്ടിരിക്കുന്നു. എങ്കിലും ഇതുവരേക്കും കണക്കുകൾ ശരിയാക്കി ക്ലിയർ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-5 ഫണ്ട് വിനിയോഗം- 2013-14

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2193248 | 9803000 | 11996248 | 10306099 | 1690149 | 86% |
| വികസനഫണ്ട് എസ്.സി.പി. | 1795002 | 4473000 | 6268002 | 3516918 | 2751084 | 56% |
| വികസന ഫണ്ട് ( ടി.എസ്.പി) | 217134 | 411000 | 628134 | 585384 | 42750 | 96.3% |
| സംരക്ഷണഗ്രാന്റ് റോഡ് | 576156 | 5146000 | 5722156 | 5510947 | 211209 | 96% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1134332 | 2600000 | 3734332 | 3702331 | 32001 | 99% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 491464 | 5250675 | 5742139 | 5523239 | 218900 | 96% |
| പെർഫോമൻസ് ഗ്രാന്റ് | 627218 | 2800000 | 3427218 | 2384358 | 1042860 | 69% |
| എം.എൻ.ആർ.ഇ.ജി.എസ്. | 30979 | 8580400 | 8611379 | 8579760 | 31619 | 99% |
| ബി ഫണ്ട് | | 13943001 | 13943001 | 13943001 | | 100% |

2014-15

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1690149 | 10063000 | 11753149 | 9949158 | 1803991 | 85 |
| വികസനഫണ്ട് എസ്.സി.പി. | 2751084 | 5059000 | 7810084 | 5109500 | 2700584 | 65 |
| വികസനഫണ്ട്(ടി.എസ്.പി) | 42750 | 472000 | 514750 | 59500 | 455250 | 11 |
| സംരക്ഷണഗ്രാന്റ് റോഡ് | 211209 | 6018000 | 6229209 | 4815133 | 1414076 | 77 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 32001 | 3430000 | 3962001 | 2666390 | **795611** | 67 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 218900 | 7178940 | 7397840 | 5426704 | 1971136 | 73 |
| പെർഫോമൻസ് ഗ്രാന്റ് | 1042860 | 0 | 1042860 | 825495 | 217365 | 79 |
| എം.എൻ.ആർ. ഇ.ജി.എസ്. | 31619 | 1061235 | 1092854 | 997746 | 95108 | 91 |
| ബി ഫണ്ട് | - | 21241370 | 21241370 | 21241370 | - | 100 |

**1-6പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2013-14 | 162 | 92254743 | 131 | 37622740 | 21 | 80 |
| 2014-15 | 154 | 91417891 | 102 | 31492435 | 52 | 66 |

**1-7 തനത് വരുമാനം.**

**2013-14**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1528689.55 | 1749434 | 220744.45 | 14 |
| നികുതിയേതര വരവുകൾ | 396722.52 | 424957 | 28234.48 | 7 |
| മറ്റുവരവുകൾ | 44060 | 47520 | 3460 | 7 |
| ആകെ | 1969472.07 | 2221911 | 2524389.3 | 128% |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം128% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**2014-15**

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1749434 | 3016343 | 1266909 | 72 |
| നികുതിയേതര വരവുകൾ | 424957 | 644705 | 219748 | 52 |
| മറ്റുവരവുകൾ | 47520 | 41661 | (-)5859 | (-)12 |
| ആകെ | 2221911 | 3702709 | 1480798 | 66 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ മുകളിൽ പറയും പ്രകാരം 65% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**1-8 ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2013-14 | | 2014-15 | |
|---|---|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 128880 | 197 | 216000 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 1845340 | 399 | 2867517 | 417 |
| വിധവാപെൻഷൻ | 6819464 | 964 | 9257020 | 1201 |
| വാർദ്ധക്യകാലപെൻഷൻ | 1969134 | 622 | 5624056 | 1063 |
| വികലാംഗപെൻഷൻ | 2330830 | 270 | 2351350 | 286 |
| അവിവാഹിത പെൻഷൻ | 377828 | 54 | 414960 | 52 |

**1-9 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-7-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2789 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-10 ആഭ്യന്തരനിയന്ത്രണം.**

മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ: കൈമാറിക്കിട്ടിയ ആഫീസുകളിലേത് ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, സ്ഥിരം മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

എം.ഒ.പി.പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം എം.ഒ.പി. പാലിക്കുന്നില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഇ.എം.എസ് ഭവന പദ്ധതി : ഇ.എം.എസ് ഭവന നിർമ്മാണ രജിസ്റ്റർ സംബന്ധമായ ക്യാഷ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ മാസാവസാനത്തിലോ വർഷാവസാനത്തിലോ റിക്കൺസലിയേഷൻ നടത്തിയിട്ടില്ല.

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6/6/16-7/6/16 | 1/4/16-31/5/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/4/2009-8/5/2009 | 2005-06മുതൽ 2008-09 വരെ | 8-6-2009 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 D&O ലൈസൻസ് അപാകതകൾ സംബന്ധിച്ച്

2013-14, 2014-15 സാമ്പത്തിക വർഷത്തെ D&O ലൈസൻസ് അപേക്ഷകൾ ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല

D&O ലൈസൻസ് നൽകലും പുതുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്റർ മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. ഈ രജിസ്റ്ററിലാകട്ടെ അപേക്ഷകരുടെ പേരു വിവരങ്ങൾ,സ്ഥാപനത്തിന്റെ തരം ,ഫീസ് ഒടുക്കിയതിന്റെ വിവരങ്ങൾ എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ലഭിച്ച അപേക്ഷയിൻമേൽ നൽകിയ ലൈസൻസിന്റെ വിശദാംശങ്ങൾ (ലൈസൻസ് നമ്പർ, പുതിയ ലൈസൻസ്,പുതുക്കിയ ലൈസൻസ്) ഒന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പ്രതിവർഷം നൽകിയ ലൈസൻസുകളുടെ വിവരങ്ങൾ ലഭ്യമല്ല. രജിസ്റ്ററിൽ ലൈസൻസിന്റെ വിശദാംശങ്ങൾ സഹിതം ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

2. ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ

പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ,ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും അപായകരവും അസഹ്യതയുമു ണ്ടാക്കുന്നതുമായ വ്യാപാരങ്ങൾക്കും ,ഫാക്ടറികൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.(പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 232) എന്നാൽ ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 15 സ്ഥാപനങ്ങളും ,2014-15 സാമ്പത്തിക വർഷത്തിൽ 58സ്ഥാപനങ്ങളും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുകയും പിന്നീട് പിഴ ഒടുക്കി ലൈസൻസ് പുതുക്കിയതായും കാണുന്നുണ്ട്. മനുഷ്യരുടെ ജീവനോ

ആരോഗ്യത്തിനോ സ്വത്തിനോ അസഹ്യമോ ആപൽക്കരമോ ആകാൻ ഇടയുള്ള ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്ത് സെക്രട്ടറിയുടെ അംഗീകാരമില്ലാതെയാണ് ഒരു വർഷം മുഴുവൻ പ്രവർത്തിച്ചിരിക്കുന്നത്.ഇത് പഞ്ചായത്തീരാജ് നിയമത്തിന്റെ ലംഘനമാണ്.ഇത് പരിശോധിക്കപ്പെടാനുള്ള ഒരു സംവിധാനം നിലവിലില്ല.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മേൽ സുചിപ്പിച്ച സ്ഥാപനങ്ങളുടെ വിശദമായ പട്ടികയും ലൈസൻസ് സംബന്ധിച്ച വിശദാംശങ്ങളും മറ്റും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതായ ട്രേഡ്സ് ലിസ്റ്റ് ഈ ഓഫീസിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അതുകൊണ്ടുതന്നെ അംഗീകാരം ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും ഇതിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും പഞ്ചായത്തിനു സാധിക്കുന്നില്ല.അതീവ പ്രാധാന്യമുള്ള ഒരു വിഷയമെന്ന നിലയിൽ നിയന്ത്രണ സംവിധാനത്തിലുള്ള ഇത്തരം പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

3.D&O ലൈസൻസ് -പിഴ ഒടുക്കൽ നടപടികൾ സംബന്ധിച്ച്

ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 15 സ്ഥാപനങ്ങളും 2014-15 സാമ്പത്തിക വർഷത്തിൽ 58 സ്ഥാപനങ്ങളും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുകയും പിന്നീട് പിഴ ഒടുക്കി ലൈസൻസ് പുതുക്കിയതായും കാണുന്നുണ്ട്. . എന്നാൽ പിഴ രാജിയാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളോ അത്തരം കുറ്റങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ആവശ്യമായ രക്ഷാ വ്യവസ്ഥകൾ ഒന്നും തന്നെയോ ഏർപ്പടാക്കാതെയാണ് ലഭിച്ച അപേക്ഷയിൻമേൽ 25% പിഴ പലിശ ഈടാക്കിക്കൊണ്ട് പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായക്കുറിപ്പുകൾ പോലും രേഖപ്പെടുത്താതെ മേൽപ്പടി ലൈസൻസുകൾ പുതുക്കി നൽകിയിട്ടുള്ളത്. ഇത്തരം കേസുകളിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് കുറ്റങ്ങൾ രാജിയാക്കൽ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും സെക്രട്ടറി ഇത് ഉറപ്പു വരുത്തേണ്ടതുമാണ്.

4.D&O ലൈസൻസ് പുതുക്കിയിട്ടില്ല

2013-14 വർഷം പിഴ ഒടുക്കിക്കൊണ്ട് ലൈസൻസ് പുതുക്കിയ ചില സ്ഥാപനങ്ങൾ 2014-15 വർഷത്തിലേക്കുള്ള ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | 2013-14 വർഷത്തെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര്/ വിലാസം | സ്ഥാപനം |
|---|---|---|---|---|
| 1 | 119 | 3/315 B | മുരളി.വി.സി, വെറ്റിവേൽ നിലയം, മണ്ണാർക്കാട്. | കോഴി ഫാം |
| 2 | 22 | 6/447 | മുസ്തഫ .കെ, കോളശ്ശേരി, തെങ്കര | സോഫ, കർട്ടൻ നിർമ്മാണം. |
| 3 | 28 | 4/524 | കൃഷ്ണകുമാർ.പി, പഴിയോട്ട് മന, മണ്ണാർക്കാട്. | ആയുർവ്വേദ മരുന്ന് വിൽപ്പന |
| 4 | 35 | 3/274 | സഹദേവൻ,മൂച്ചിക്കൽ,തെങ്കര | കോഴി ഫാം |
| 5 | 37 | 5/548 | മുഹമ്മദ് ഖൈസ്,പെരിമ്പടാരി | വെൽഡിംഗ് |
| 6 | 45 | 6/432 | ദേവദാസ്,ശാന്തിപുരത്ത്,മണ്ണാർക്കാട് | വർക്ക് ഷോപ്പ് |
| 7 | 47 | 5/453 | മണികണ്ഠൻ. പി.വി, പുത്തൻവീട്ടിൽ, തെങ്കര | വെൽഡിംഗ് |

| | | | | |
|---|---|---|---|---|
| 8 | 86 | 6/591 | സനേഷ്,ചാഴിയോട്ടിൽ,പയ്യനാടം | കാർ ആക്സിസറീസ് |

5) D&O ലൈസൻസ് -ഡി സി ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ D&O ലൈസൻസുമായി ബന്ധപ്പെട്ട ഡി സി ബി പത്രികകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്ററിലാകട്ടെ ലഭിച്ച അപേക്ഷകൾ അഡ്വാൻസ്,കറന്റ്, അരിയർ എന്നിങ്ങനെ വേർതിരിച്ച് എഴുതിയിട്ടുമില്ല. ഇത്തരം പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-2 രസീത് ബുക്ക് ഉപയോഗം സംബന്ധിച്ച്.

രസീതിന്റെ ഉപയോഗം, ആയതിന്റെ സ്റ്റോക്ക് എന്നിവയുമായി ബന്ധപ്പെട്ട് കാണുന്ന അപാകതകൾ ചുവടെ കൊടുക്കുന്നു.

**1) സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ രസീത് ബുക്കുകൾ ഉപയോഗത്തിന് നൽകുന്നു.**

സ്റ്റോക്കിൽ രേഖപ്പെടുത്തിയ രസീത് ബുക്കുകൾ അത് ഉപയോഗത്തിനായി നൽകിയപ്പോൾ ആയതിന്റെ വിശദാംശങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ നൽകിയ ബുക്കിന്റെ നമ്പർ, നൽകിയ തീയ്യതി, ആർക്ക് നൽകി, രസീത് ബുക്കിന്റെ നീക്കിയിരിപ്പ് എന്നീ വിശദാംശങ്ങൾ ലഭ്യമല്ല.

സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ നൽകിയ രസീത് ബുക്കിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ബുക്ക് നമ്പർ | ഉപയോഗം | ഉപയോഗിച്ച തിയ്യതി |
|---|---|---|---|
| 1 | 16062 | ഓഫീസ് ആവശ്യം | 06.04.2015 |
| 2 | 16063 | A.E | 13.07.2015മുതൽ 21-8-2015വരെ |

2) ക്രമ നമ്പർ പ്രകാരമല്ലാതെ രസീത് ബുക്കുകൾ ഉപയോഗത്തിന് നൽകി.

രസീത് ബുക്കുകളുടെ ക്രമ നമ്പർ അനുസരിച്ചല്ലാതെ അവ ഉപയോഗത്തിന് നൽകിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | നൽകിയ തിയ്യതി |
|---|---|---|
| 1 | 16062 | 6.4.2015* |
| 2 | 16063 | 13.7.2015* |
| 3 | 16064 | 23.1.2016 |
| 4 | 16065 | 5.11.2014 |

*സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ നൽകിയ രസീത് ബുക്കുകൾ

3) ഒരു രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിക്കാതെ അടുത്ത രസീത് ബുക്ക് ഉപയോഗിച്ചത് സംബന്ധിച്ച്.

രസീത് ബുക്ക് നമ്പർ 16062 ഓഫീസ് ആവശ്യത്തിനായി 6.4.2015 നൽകിയതായി കാണുന്നു. എന്നാൽ ഈ രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിക്കാതെ (പേജ് നമ്പർ 1മുതൽ 32 വരെ ഉപയോഗിച്ചു )അടുത്ത രസീത് ബുക്ക് (ബുക്ക് നമ്പർ 16064 ) ഉപയോഗിച്ചതായി കാണുന്നു.

## 2-3 2013-14, സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി സംബന്ധിച്ചുള്ള അർദ്ധവാർഷിക വരുമാന പത്രികകൾ ലഭ്യമല്ല

2013-14സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി സംബന്ധിച്ചുള്ള അർദ്ധവാർഷിക വരുമാന പത്രികകളും ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റന്വേഷണം നമ്പർ 09/07.07.16 മുഖാന്തരം ആവശ്യപ്പെട്ടുവെങ്കിലും ടി രേഖകൾ നാളിതുവരെയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തൻവർഷത്തിലെ വരവിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ അടിയന്തിരമായി സമർപ്പിച്ച് തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒഴിവാക്കി

ഒഴിവാക്കി

## 3-2 പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രവൃത്തി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും മരാമത്ത് ചട്ടങ്ങൾക്കും വിരുദ്ധമായിട്ടാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 125/15 കുഴൽക്കിണർ നിർമാണം |
| അടങ്കൽ, ഫണ്ട് ഇനം | 182768-വികസന ഫണ്ട് (ജനറൽ) |
| എഗ്രിമെന്റ് നം, തീയ്യതി | 48/AE/TR/14-15 Dt.9-2-15 |
| കരാറുകാരൻ | യൂസഫ്. |
| പ്രവൃത്തി മൂല്യം | 163800 |
| എം.ബുക്ക് | 49/14-15 |
| ബിൽ നം.തീയ്യതി, തുക | 46/14-15/31-3-2015,Rs.163800 |

മേല്പറഞ്ഞ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

കുടിവെള്ള പദ്ധതികളുടെ ഭാഗമായി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ എല്ലാ ഇനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ എസ്റ്റിമേറ്റ് ഉണ്ടാക്കുകയും ഫണ്ടിന്റെ അപര്യാപ്തത ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി പ്രവൃത്തി ചെയ്യണമെന്നും 12ാം പദ്ധതി മാർഗരേഖ പ്രകാരം നിർദേശിക്കുന്നു.എന്നാൽ ടി പ്രവൃത്തിയിൽ കുഴൽക്കിണർ നിർമാണം മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

കൂടാതെ , അടങ്കൽ വർദ്ധിപ്പിക്കുന്നതിനായി ഒന്നിലധികം പ്രവൃത്തികൾ ഒരുമിച്ച് ചേർത്ത് ചെയ്യാൻ പാടില്ല എന്ന് മാർഗരേഖയിൽ നിഷ്കർഷിക്കുന്നു.എന്നാൽ മേല്പറഞ്ഞ പ്രവൃത്തിയിൽ രണ്ട്

വ്യത്യസ്ഥ ഭാഗങ്ങളിലായി രണ്ടു കുഴൽക്കിണറുകളുടെ നിർമാണം ഒരുമിച്ച് ചേർത്ത് എസ്റ്റിമേറ്റ് ഉണ്ടാക്കി നിർവ്വഹണം നടത്തിയിരിക്കുന്നു.

എസ്റ്റിമേറ്റിൽ Appendix A, Appendix B എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി രണ്ടു കുഴൽക്കിണറുകൾക്ക് ഒരേപോലെയുള്ള താഴെപ്പറയുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

1- ബോർവെൽ കുഴിക്കൽ - 120m @ Rs. 400 /-

2- കേസിങ്ങ് പൈപ്പ് സ്ഥാപിക്കൽ- 30m @ 550 /-

3- കുഴൽക്കിണറുകൾക്ക് ഹാൻഡ് പൈപ്പ് സ്ഥാപിക്കൽ - 1 എണ്ണം @25000 /-

എന്നാൽ പ്രവൃത്തി ചെയ്തപ്പോൾ ആദ്യ രണ്ട് ഇനങ്ങൾ മാത്രമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതും എസ്റ്റിമേറ്റിലെ ഇനങ്ങളുടെ അളവുകളേക്കാൾ 25%ൽ അധികം പ്രവൃത്തി ചെയ്തിട്ടുണ്ട്.എന്നാൽ റിവൈസ്റ്റ് എസ്റ്റിമേറ്റ് ഉണ്ടാക്കുകയോ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് | എം. ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് | |
|---|---|---|---|
| | | Appendix A | Appendix B |
| കുഴൽക്കിണർ കുഴിക്കൽ | 120m | 152m | 175m |
| കേസിങ്ങ് പൈപ്പ് സ്ഥാപിക്കൽ | 25m | 25m | 35m |
| ഹാൻഡ് പമ്പ് സ്ഥാപിക്കൽ | 1 @ Rs.25000 | ചെയ്തിട്ടില്ല. | ചെയ്തിട്ടില്ല. |

മേല്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 163800 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 തെരുവു വിളക്ക് റിപ്പയർ.-അപാകതകൾ

2013-14,14-15 സാമ്പത്തിക വർഷങ്ങളിലെ തെരുവു വിളക്കുകളുടെ കറന്റ് ചാർജും റിപ്പയറും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകളുണ്ട്

1.1) ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര വിളക്കുകൾ ഏതെല്ലാം തരം എന്ന് തെളിയിക്കുന്ന രജിസ്റ്ററില്ല.

1.2) തെരുവു വിളക്കുകളുടെ റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1.3) തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് വൈദ്യുതി വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

1.4) തെരുവു വിളക്കുകൾക്ക് മീറ്ററിങ്ങ് നടത്തിയിട്ടില്ല

1.5) എ.എം.സി. സംബന്ധിച്ച ഫയൽ ഹാജരാക്കിയിട്ടില്ല.

1.6) റിപ്പയർ ചെയ്യാൻ വേണ്ടി വാങ്ങിയതും റിപ്പയർ ചെയ്ത മാറ്റിയതുമായ

സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുകയായ

| ക്ര.നം | വൌച്ചർ നമ്പർ/തിയതി | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ഇല്ല/27-6-14 | 118125 |
| 2 | 21400399/1-10-14 | 84450 |
| 3 | സെപ്തംബർ 2013 എന്നു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ | 59400 |
| 4 | 21300952/28-3-14 | 145425 |

ആകെ 407400 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 IAY അധിക വിഹിതം- എസ്.സി - രസീതി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് : IAY അധിക വിഹിതം - എസ്.സി

പ്രൊജക്ട് നമ്പർ : 100/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 5,80,584 (പദ്ധതി വിഹിതം- എസ്.സി.പി)

ചെലവ് : 5,80,584 (പദ്ധതി വിഹിതം- എസ്.സി.പി)

ബിൽ നമ്പർ : 1/14-15 dt 18.03.15

IAY അധിക വിഹിതം- എസ്.സി എന്ന പ്രൊജക്ട് പ്രകാരം 5,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല . ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (7/8.7.16) നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,80,584 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ തുടർവിനിയോഗ വിവരം ലഭ്യമല്ല

പ്രൊജക്ട് : എസ്.സി. കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്
പ്രൊജക്ട് നമ്പർ : 160/15
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ : 1,50,000 (പദ്ധതി വിഹിതം- 1,50,000 ( SCP )
ചെലവ് : 1,50,000 (പദ്ധതി വിഹിതം- 1,50,000 ( SCP )

ബിൽ നമ്പർ : 6/14-15 dt 27.03.15

എസ്.സി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പ്രൊജക്ട് പ്രകാരം 2014-15 വർഷത്തിൽ ബിൽ നമ്പർ 6/14-15 dt 27.03.15 പ്രകാരം 1,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ചെലവ് രേഖ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (7/8.7.16) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ടി പദ്ധതിയിൻ കീഴിൽ ഏതെല്ലാം കുടുംബശ്രീ യൂണിറ്റുകൾക്ക് തുക വിതരണം ചെയ്തു എന്നോ പ്രസ്തുത യൂണിറ്റുകളിൽ ഏതെല്ലാം പ്രവർത്തന ക്ഷമമാണെന്നോ നിഷ്ക്രിയമാണെന്നോ ഉള്ള വിവരം ലഭ്യമായിട്ടില്ല. സ.ഉ. (എം.എസ്) നം. 82/2000 ത.സ്വ.ഭ.വ. തീയ്യതി 14.03.2000 പ്രകാരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാതിരിക്കുകയോ പ്രവർത്തനം നിർത്തലാക്കുകയോ ചെയ്യുമ്പോൾ അനുവദിക്കുന്ന ധനസഹായം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുകയും വേണം. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,50,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-6 തെരുവ് വിളക്ക് സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് : പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

പ്രൊജക്ട് നമ്പർ : 103/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 2,52,000 (പദ്ധതി വിഹിതം- 2,52,000

( SCP )

ചെലവ് : 2,52,000 (പദ്ധതി വിഹിതം- 2,52,000

( SCP )

ബിൽ നമ്പർ : 3/14-15 dt 23.03.15

പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ (103) എന്ന പ്രൊജക്ടിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | തുക | | വിശദാംശം |
|---|---|---|---|---|
| 1 | ന്യൂ കേരള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | 2,25,677 (ഡി.ഡി. നമ്പർ 155706/24.03.15) | 1,82,600 | സി.എഫ്.എൽ ( 11 w*2) സെറ്റ് ഓട്ടോമാറ്റിക് 166 എണ്ണം |
| | | | 26,477 | വാറ്റ് ( 14.5 % ) |
| | | | 16,600 | ഫിറ്റിംഗ് ചാർജ്ജ് |
| 2 | കെ.എസ്.ഇ.ബി ഇൻസ്റ്റലേഷൻ ചാർജ്ജ് | 24,900 ( ഡി.ഡി. നമ്പർ 155707/24.03.15) | 24,900 | 166 സി.എഫ്.എൽ ഫിറ്റ് ചെയ്യാൻ 150 രൂപ നിരക്കിൽ കെ.എസ്.ഇ.ബിക്ക് നൽകിയത് |
| 3 | ഐ.ആർ.ടി.സി. സി.എഫ്.എൽ ടെസ്റ്റിംഗ് ചാർജ്ജ് | 1685 155706/24.03.15) | 1685 | തുക ഐ.ആർ.ടി.സിക്ക് നൽകിയത്. |
| | | 2,52,000 | | |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) തെരുവ് വിളക്ക് സ്ഥാപിക്കലുമായി ബന്ധപെട്ട് ബിൽ നമ്പർ 3/14-15 പ്രകാരം 2,52,000 രൂപ ഉപകരണങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ ജി.ഒ (ആർ.ടി )1807/14 ത.സ്വ.ഭ.വ തീയ്യതി 14.07.14 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചില്ല.

2) ക്വട്ടേഷൻ /ടെണ്ടർ വിളിക്കാതെയാണ് ന്യൂ കേരള ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/08.07.16) മറുപടിയൊന്നും സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,52,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 4,73,600 രൂപ തടസ്സപ്പെടുത്തുന്നു

IKM ചെലവ് പത്രിക പ്രകാരം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2013-14 ൽ താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 3/ 4.7.16 ) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,73,600 രൂപ തടസ്സത്തിൽ വെക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | വിഹിതം | തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 88 | കക്കൂസ് നിർമ്മാണം (പൊതുവിഭാഗം) | കേന്ദ്രാവിഷ്കൃതം | 2,27,200 |
| 2 | 89 | കക്കൂസ് നിർമ്മാണം (എസ്.സി) | കേന്ദ്രാവിഷ്കൃതം | 1,60,000 |
| 3 | 90 | കക്കൂസ് നിർമ്മാണം (എസ്.ടി) | കേന്ദ്രാവിഷ്കൃതം | 32,000 |
| 4 | 91 | കക്കൂസ് നിർമ്മാണം (എസ്.ടി) | കേന്ദ്രാവിഷ്കൃതം | 54,400 |
| ആകെ | | | | 4,73,600 |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ - ജില്ല, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കിയില്ല.

2013-14, 2014-15 വർഷങ്ങളിൽ ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ എന്ന പ്രൊജക്ടിന് താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വർഷം | പ്രൊജക്ട് നമ്പർ | തുക | ബിൽ നമ്പർ / തീയ്യതി | വിഹിതം |
|---|---|---|---|---|---|
| 1 | 2013-14 | 133 | 1,50,000 | 15/13-14/31.3.14 | പദ്ധതി വിഹിതം |
| 2 | 2014-15 | 128 | 1,99,980 | 17/14-15/11.3.15 | ടി |

2013-14, 2014-15 വർഷങ്ങളിൽ നാമമാത്രമായ തുകയാണ് ഓരോ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ഇനത്തിൽ നൽകിയത്. സർക്കുലർ നമ്പർ 20719/FM 1/2011 ത.സ്വ.ഭ.വ തീയ്യതി 9.5.11പ്രകാരം ഒരു ഗ്രാമപഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ജില്ലാ പഞ്ചായത്തോ മറ്റ് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടാതെ സ്വന്തം വിഹിതം മാത്രമുപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ അതല്ലെങ്കിൽ രണ്ട് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ ആ രീതിയിൽ നടപ്പാക്കാവുന്നതാണ്.

2013-14, 2014-15 വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കിയിരുന്നുവെങ്കിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ധനസഹായം ലഭ്യമാകുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-9 എം.എൻ. ലക്ഷം വീട് നവീകരണത്തിന് തുക ചെലവഴിച്ചത് സംബന്ധിച്ച്

പ്രൊജക്ട് : എം.എൻ ലക്ഷം വീട് പുനരുദ്ധാരണം

പ്രൊജക്ട് നമ്പർ : 82/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

അടങ്കൽ : 2,00,000 (പദ്ധതി വിഹിതം- 1,40,445

തനത് ഫണ്ട് - 59,555 )

ചെലവ് : 2,00,000 (പദ്ധതി വിഹിതം-1,40,445

തനത് ഫണ്ട് - 59,555)

ബിൽ നമ്പർ : 6/13-14 dt 18.07.13

2013-14 ൽ എം.എൻ ലക്ഷം വീട് പുനരുദ്ധാരണം എന്ന പ്രൊജക്ടിന് ( 82) 2,00,000 രൂപ (പദ്ധതി വിഹിതം-140445 തനത് ഫണ്ട്-59555 ) ചെലവഴിച്ചിട്ടുണ്ട്. ജി.ഒ. (എം.എസ്) 199/08/ ത.സ്വ.ഭ.വ തീയ്യതി 11.07.08 പ്രകാരം ലക്ഷം വീടിന്റെ നവീകരണ പരിപാടി ഭവന നിർമ്മാണബോർഡ് ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/ 4.7.16 ) നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. ഇത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 3-10 ഭവന റിപ്പയർ - വാല്യൂവേഷൻ ഇല്ലാതെ തുക അനുവദിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് റിപ്പയർ എന്ന പ്രൊജക്ടിന് താഴെ പറയുന്ന പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 93 | വീട് റിപ്പയർ<br>പട്ടിക ജാതി വനിത | 3,60,000 | 40,000 | 6/14-15 dt 27.03.15 |
| 95 | വീട് റിപ്പയർ<br>പട്ടിക ജാതി | 6,80,000 | 90,000 | 5/14-15 dt 27.03.15 |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വീടുകളുടെ അറ്റകുറ്റപ്പണിക്ക് ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) എൽ.എസ്.ജി.ഡി എഞ്ചിനീയർ / ഓവർസീയർ അളവ് എടുക്കാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 7/8.7.16) വാല്യുവേഷൻ എടുക്കാതെയാണ് തുക നൽകിയിരിക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. ഇത് ശരിയായ നടപടിക്രമമല്ല. അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസീയർ വാല്യുവേഷൻ എടുത്ത ശേഷം സബ്സിഡി ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം. മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 ഇ.എം.എസ് ക്യാഷ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ ശരിയായി പരിപാലിക്കുന്നില്ല.

ഇ.എം.എസ് ഭവന നിർമ്മാണ രജിസ്റ്റർ സംബന്ധമായ ക്യാഷ്ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ മാസാവസാനത്തിലോ വർഷാവസാനത്തിലോ റിക്കൺസലിയേഷൻ നടത്തിയിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ 8.10.13 ന് ശേഷം എഴുതിയിട്ടില്ല. ഇ.എം.എസ് ക്യാഷ്ബുക്ക് പ്രകാരം 31.03.15 ലെ നീക്കിയിരിപ്പ് രൂപയാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് രൂപയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/ 4.7.16) നൽകിയെങ്കിലും തൃപ്തികരമായ വിശദീകരണം ലഭിച്ചില്ല. രജിസ്റ്ററുകൾ റിക്കൺസലിയേഷൻ നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തെരുവുവിളക്കുകൾ -സാധാരണ ബൾബുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്

KSEB അസി.എഞ്ചിനീയർ,മണ്ണാർക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ BB/47/14-15 തിയതി 24-10-14 നമ്പർ കത്ത് പ്രകാരം കറന്റ് ചാർജ് 92850/ ആയി റീവൈസ് ചെയ്തപ്പോൾ നൽകിയ വിവരം പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള വിളക്കുകളും അവയുടെ താരീഫ് താഴെ പറയും പ്രകാരമാണ്

| ക്ര.നം | തരം/എണ്ണം | താരീഫ് |
|---|---|---|
| 1 | flouresent tube | 422 *Rs 124=52328 |

| | | |
|---|---|---|
| | a)2*40w :368<br>b)2*36w : 54<br>total----422------ | |
| 2 | സാധാരണ ബൾബ്<br>60w :235 nos | 235*94 =22090 |
| 3 | Automatic CFL<br>2*11W :189 nos | 189 *14 =2646 |
| 4 | sodium vapour lamp<br>250w :34nos | 34*414=14076 |
| 5 | CFL 2*36w :38 | 38 *45=1710 |

ആകെ 92850. അടിയന്തിരമായി സാധാരണ ബൾബുകൾ ഒഴിവാക്കി താരീഫ് കുറഞ്ഞ മറ്റ് വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം ഉറപ്പു വരുത്തേണ്ടതാണ്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-13 വ്യവസ്ഥാപിത രീതിയിലല്ലാത്ത ചെലവുകൾ .സെക്രട്ടറി ചെലവുകൾക്ക് വൌച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1) 2013-14, 14-15 സാമ്പത്തിക വർഷങ്ങളിലെ സെക്രട്ടറിയുടെ ചെലവുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന വീഴ്ചകൾ വരുത്തിയിട്ടുണ്ട്

1.1) 2013-14ൽ ബിൽ രജിസ്റ്റർ എഴുതിയിട്ടില്ല.ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

1.2) വെറും ഒരു കണ്ടിജെൻ്റ് ബില്ല് മാത്രം (സപ്പോർട്ടിങ്ങ് ബില്ലുകൾ ,കൈപ്പറ്റ് രശീതികൾ,മറ്റനുബന്ധരേഖകൾ എന്നിവയില്ലാതെ) ഉപയോഗിച്ചാണ് തുകകൾ പിൻവലിച്ചിട്ടുള്ളത്

1.3) ബില്ലുകളിൽ വൌച്ചർ നമ്പർ ,ബിൽ നമ്പർ,ചെക്ക് നമ്പർ എന്നീ അവശ്യ വിവരങ്ങൾ രേഖപ്പെടുത്താതെയാണ് തുക പിൻവലിച്ചിട്ടുള്ളത്.

1.4) യാത്രാബില്ലുകളിൽ (വണ്ടി വാടക,മുതലായവ) പഞ്ചായത്ത് കമ്മറ്റി തീരുമാനം രേഖപ്പെടുത്തുന്നില്ല

1.5) ബില്ലുകൾ പ്രസിഡണ്ട് അധികാരപ്പെടുത്തിയിട്ടില്ല.

1.6) തുക പിൻവലിച്ച തിയതി രേഖപ്പെടുത്തുന്നില്ല.

1.7) വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല.

ഇക്കാരണത്താൽ ഓഡിറ്റ് പൂർണ്ണമായി നടത്താൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ചെലവു നടത്തിയ ഉദ്യോഗസ്ഥനാണെന്ന് അറിയിക്കുന്നു. സർക്കാർ തലത്തിലുള്ള കൂടുതൽ അന്വേഷണവും ആവശ്യമായി വന്നിരിക്കുന്നു

2) ഓഡിറ്റ് കാലയളവിലെ എല്ലാ ബാങ്കുകളുടെയും ട്രഷറിയുടെയും ബാങ്ക് പുസ്തകങ്ങൾ ഹാജരാക്കിയിട്ടില്ല.

3) തെരുവു വിളക്കുകളുടെ റിപ്പയർ ആദ്യഗഡു 28-3-14 ന് 145425/-രൂപ നല്കിയിട്ടുണ്ട് .ഈ റിപ്പോർട്ടിൽ കെ.എസ്.ഇ.ബി. എഞ്ചിനീയറും വാർഡ് അംഗങ്ങളും നൽകിയ റിപ്പോർട്ടിൽ 211 സാധാരണ ബൾബുകൾ റിപ്പയർ ചെയ്തതായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിന് ഉപോൽബലകമാകുന്ന റിപ്പയർ സാധനങ്ങൾ വാങ്ങിയതായി രേഖകളില്ല. പിന്നീട് അവസാനഘട്ടത്തിനോടൊപ്പം ഹാജരാക്കിയ രേഖകളിലും സാധനങ്ങൾ വാങ്ങിയതായി രേഖകളില്ല

## 3-14 പൊതു ടാപ്പുകളുടെ എണ്ണം-സംയുക്ത പരിശോധന നടത്തേണ്ടതാണ്

110 പൊതു ടാപ്പുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത് .ഇതിൽ എത്രയെണ്ണം നിലവിലുണ്ടോയെന്നതു സംബന്ധിച്ചും എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി അടിയന്തിരമായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. കൂടാതെ പൊതു ടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി ഗാർഹിക കണക്ഷനുകൾ വർദ്ധിപ്പിച്ച് തനതു ഫണ്ടിൽ നിന്നുള്ള ചെലവ് കുറക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 2013-14 വർഷത്തെ മരാമത്ത് പ്രവൃത്തികൾ- രേഖകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ പ്രധാന അപാകതകൾ

**1. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ്മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയിട്ടില്ല**

സ.ഉ(പി) 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2013-14 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ കാലഹരണപ്പെട്ട പല വ്യവസ്ഥകളും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല**

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കി വെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**3.എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സുഗമ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നില്ല**

എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഐ.കെ.എം വികസിപ്പിച്ചെടുത്ത സുഗമ സോഫ്റ്റ് വെയർ ഉപയോഗിക്കേണ്ടതാണെന്ന 16-11-2013 ലെ സ.ഉ(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കുന്നില്ലെങ്കിൽ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

**4. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ്**

ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടറിന് ഇഷ്യു ചെയ്യുന്ന ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300 മുതൽ 15000 രൂപവരെ മൂല്യമുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കി വെക്കാത്തത് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുന്നതാണ്. ടെണ്ടർ ഫോറം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന സെക്രട്ടറിയും ടെണ്ടർ ഫോറം തയ്യാറാക്കി കരാറുകാർക്ക് വിതരണം ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയറും ടെണ്ടർ ഫോറങ്ങളുടെ റസീപ്റ്റ്, ഇഷ്യു, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതിനാൽ അനധികൃതമായി ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിയുന്നില്ല. ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**5. മത്സരാധിഷ്ഠിത ടെണ്ടറുകൾ കുറവ്**

2013-14സാമ്പത്തിക വർഷത്തിൽ ആകെ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികൾക്ക് 2 ടെണ്ടറുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്തിലെ വിവിധ പ്രവൃത്തികളിൽ പത്തിലധികം കരാറുകാർ പങ്കാളികളാകുന്നുണ്ടെങ്കിലും ഓരോ പ്രവൃത്തിക്കും 2 കരാറുകാർ മാത്രം പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് – എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്

പ്രവൃത്തി അനുവദിക്കുകയും ചെയ്യുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്. എല്ലാ പ്രവർത്തികളും എസ്റ്റിമേറ്റ് നിരക്കിൽ തന്നെ കരാർ നൽകേണ്ടിവരുന്നതിനാൽ ടെണ്ടർ നടപടികളിലൂടെ മത്സരം ഉറപ്പുവരുത്തുന്നതിനും സാമ്പത്തികലാഭം നേടുന്നതിനും കഴിയാതെ വരുന്നു. മത്സരസ്വഭാവത്തിലുള്ള കൂടുതൽ ടെണ്ടറുകൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

## 3-16 ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ അപൂർണം-മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല

പഞ്ചായത്തിന്റെ കെ.എൽ 50ഡി,2831 നമ്പർ വാഹനത്തിൽ ഇന്ധനമടിക്കുന്നത് ലോഗ് ബുക്കിൽ ചില അവസരങ്ങളിൽ ചേർക്കുന്നില്ല.വിശദവിവരം താഴെ പറയുന്നു

| ക്ര.നം | ബിൽ നമ്പർ | ഇന്ധനത്തിന്റെ അളവ്( ലി.) | വില | വൌച്ചർ നമ്പർ |
|---|---|---|---|---|
| 1 | 1/15-8-14(ഇന്റെനറ്റ് നമ്പർ) | 32 | 1999.68 | ലഭ്യമല്ല |
| 2 | 2/27-8-14 | 40 | 2949.6 | ലഭ്യമല്ല |
| 3 | 1881/29-11-14 | 45 | 2619.45 | പേ.വൌ. 21400579/ 8-12-14 |

ആകെ 7568.75 രൂപ

ലോഗ് ബുക്കിൽ ചേർക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലോഗ് ബുക്കിൽ ചേർത്ത് തടസ്സവാദം ഒഴിവാക്കേണ്ടതാണ്

കൂടാതെ സർക്കാർ ഉത്തരവ് (എം.എസ്)170/07 ത.സ്വ.ഭ.വ..30-6-2007 പ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപഭോഗത്തിന്റെ ഒരു സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അത്തരമൊരു ടെസ്റ്റ് നാളിതുവരെ നടത്തിയിട്ടില്ല.അടിയന്തിരമായി മൈലേജ് ടെസ്റ്റ് നടത്തേണ്ടതാണ്

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം- ഇല്ല

### 4-2. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദവിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൈതച്ചിറ മാസപ്പറമ്പ് കുടിവെള്ള പദ്ധതി | 012562 dt 30-10-2014 (Rs580186)<br>012559 dt 30-10-2014 (Rs120000) | 700186 | 700186 | 00 |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - ഇല്ല

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Ems ഭവന പദ്ധതി 2013-14 | സ.ഉ നം1168/2010 തസ്വഭവ തി 30-03-2010 | 15096000 | 10567200 | 1509600 | - | 9057600 |
| Ems ഭവന പദ്ധതി 2014-15 | ടി | 15096000 | 9057600 | 1509600 | - | 7548000 |

**4-5. <u>സ്ഥിരനിക്ഷേപങ്ങൾ-ഇല്ല</u>**

**4-6. <u>ഓഡിറ്റ് റിക്കവറി</u>**

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-(3) | 2500 | മാനേജർ, മാവേലി സ്റ്റോർ | 11505102393 തിയതി 26-11-2015 |
| | 2-(4) | 250 | മൂർത്തി, അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | 11505102444 തിയതി 02-12-2015 |
| | 2-(4) | 60 | ലില്ലി,ക്രിസ്തു ജ്യോതി | 11505102339 തിയതി 23-11-2015 |
| | | 60 | ശ്രീജിത്ത് | |
| | | 60 | മണിയമ്മ | |
| | | 60 | കുര്യാക്കോസ് | |
| | 3(2) | 2983 | ഹംസ, PWDകോൺട്രാക്ടർ | 1160110889 തിയതി 28-06-2016 |
| | 3(2) | 1129 | പി.ഡി.സതീഷ് കുമാർ, PWDകോൺട്രാക്ടർ | 1160110887 തിയതി 28-06-2016 |
| | 3(3) | 256 | സജിതോമസ് PWDകോൺട്രാക്ടർ | 1160110890 തിയതി 28-06-2016 |

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.- ഇല്ല**

**4-8. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | 2013-14 | 2014-15 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68138646 | 67912567 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66572595 | 61563856 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 588 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2034952.75 | |

പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 588 | കെ.സി. തമ്പി അസി.എഞ്ചിനിയർ(retd)<br>കുളങ്ങര വീട്<br>തൈക്കാട് പി.ഒ<br>ഗുരുവായൂർ,തൃശൂർ |

**(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 163800 | കെ.സി.തമ്പി അസി.എഞ്ചിനിയർ( retd) |
| 3-3 | 407400 | 1)മോഹൻദാസ് സെക്രട്ടറി(348000/-)<br>2)ഹരിദാസ് അസിസ്റ്റന്റ് സെക്രട്ടറി(59400/-) |
| 3-4 | 580584 | ചന്ദ്രൻ.വി അസി.സെക്രട്ടറി |
| 3-5 | 150000 | ചന്ദ്രൻ.വി അസി.സെക്രട്ടറി |
| 3-6 | 252000 | ചന്ദ്രൻ.വി അസി.സെക്രട്ടറി |
| 3-7 | 473600 | വിജയലക്ഷ്മി, V E O<br>സത്യബാമ, V E O |
| 3-16 | 7568.75 | മോഹൻദാസ് സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.സി.തമ്പി, അസി. എഞ്ചിനീയർ | അസി.എഞ്ചിനിയർ( retd) | കുളങ്ങര വീട്<br>തൈക്കാട് പി.ഒ<br>ഗുരുവായൂർ<br>തൃശൂർ |

**4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2005-06 | എൽ.എഫ്.പി.9/1419/08<br>തിയതി 18-08-05 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി.9/217/11തിയതി 18-03-10 | ഫർദർ റിമാർക്സ |
| 2007-08 | എൽ.എഫ്.പി.9/923/10<br>തിയതി 25-09-2010 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി.9/1572/12<br>തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി.9/1572/12<br>തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2010-11 | എൽ.എഫ്.പി.9/1572/12<br>തിയതി 25-06-13 | ഫർദർ റിമാർക്സ് |
| 2011-12 | എൽ.എഫ്.പി.9/307/14<br>തിയതി 18-03-14 | ഫർദർ റിമാർക്സ് |
| 2012-13 | എൽ.എഫ്.പി.22-836/15<br>തിയതി 6-10-15 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്